KSEB

150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365
ഫാക്സ് : 0471 2446480
ഇമെയിൽ : dpr@kseb.in
വെബ്.സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

---

**സംഗ്രഹം**

പബ്ളിക് റിലേഷൻസ് വകുപ്പ് - പബ്ലിക് റിലേഷൻസ് വകുപ്പ് - ഊർജ്ജ സുരക്ഷ പരസ്യ പ്രക്ഷേപണം - ദൂർദർശൻ ടിവി - തുക അനുവദിക്കുന്നത് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ(എഫ്.ടി.ഡി) നം. 757/2019(നം. പി.ആർ.എം.സി-2/പ്രചാരണം/2017-18)**
**തിരുവനന്തപുരം, തീയതി 16/10/2019**

---

പരാമർശം : 1) ദൂർദർശനിൽ നിന്നും സമർപ്പിച്ച ഇൻവോയ്സ്.
2) 25.09.2019-ന് ചീഫ് പേഴ്സണൽ ഓഫീസർ ഇൻ ചാർജ്ജ് ഓഫ് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ്.
(അജൻഡ നമ്പർ 2/10/19).

**ഉത്തരവ്**

വൈദ്യുതി സുരക്ഷ മുൻനിർത്തി വിവിധ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴി 3 കോടി രൂപ ചെലവഴിച്ച് പ്രചരണപ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിരുന്നു. അതനുസരിച്ച് ദൃശ്യ മാധ്യമങ്ങൾ വഴി 1,98,03,621/- രൂപയും ശ്രാവ്യമാധ്യമങ്ങൾ വഴി 26,20452/- രൂപയും ചെലവഴിച്ച് പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തിരുന്നു. അതിൻ പ്രകാരം ദൂരദർശൻ വഴി 7,30,680/- രൂപ (സർവീസ് ടാക്സ് 15% ഉൾപ്പെടെ) ചെലവഴിച്ച് പരസ്യം പ്രക്ഷേപണം നടത്തിയ വകയിൽ ദൂരദർശൻ കേന്ദ്രം രൂപ 2,42,420/-, രൂപ 4,88,260/- എന്നീ തുകകൾക്കുള്ള ഇൻവോയ്സുകൾ സമർപ്പിച്ചിരുന്നു. ഈ ഇൻവോയ്സുകൾ വളരെ വൈകിയാണ് ദൂർദർശൻ സമർപ്പിച്ചത്. അതനുസരിച്ച് ബില്ല് പാസ്സാക്കി ഈ ഓഫീസിൽ നിന്നും ഓഡിറ്റ് വിഭാഗത്തിൽ നൽകുകയുണ്ടായി. 2017-18-ലെ ബോർഡുത്തരവ് പ്രകാരം അനുമതി നൽകിയിരുന്ന തുകയായ 3 കോടി രൂപയിൽ നിന്നും ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന ബില്ലിൻമേൽ സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ തുക അനുവദിക്കാൻ സാധിക്കാത്ത വിവരം കാണിച്ച് അക്കൗണ്ട്സ് ഓഫീസർ (WAD) കത്ത് നൽകിയ സാഹചര്യത്തിൽ, ദൂർദർശൻ കേന്ദ്രം സമർപ്പിച്ച ബില്ലിൻമേൽ 7,30,680/- രൂപ (242420+488260) (സർവീസ് ടാക്സ് 15% ഉൾപ്പെടെ) നൽകുന്നതിനായി ടി തുക അനുവദിക്കാവുന്നതാണ് എന്ന പരാമർശം (2) പ്രകാരം നൽകിയ കുറിപ്പിൻമേൽ 09.10.2019-ൽ കൂടിയ ഫുൾടൈം ഡയറക്ടർ ബോർഡ്, ദൂർദർശൻ കേന്ദ്രം സമർപ്പിച്ച ബില്ലിൻമേൽ 7,30,680/- രൂപ (242420+488260) (സർവീസ് ടാക്സ് 15% ഉൾപ്പെടെ) നൽകുന്നതിന് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ തുക ബോർഡിന്റെ പൊതുഭരണ ചെലവിൽ വകയിരുത്തേണ്ടതാണ്.

ഫുൾടൈം ഡയറക്ടർ ബോർഡിന്റെ
ഉത്തരവിൻ പ്രകാരം
ഒപ്പ്/-
ലേഖ ജി
കമ്പനി സെക്രട്ടറി ഇൻചാർജ്ജ്

സ്വീകർത്താവ് : ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/
സെക്രട്ടറിയുടെ(ഭരണം) /ഡെപ്യൂട്ടി ചീഫ്
എഞ്ചിനീയർ(ഐ.റ്റി)/എ.ജി./ലീഗൽ ലെയ്സൺ
ഓഫീസർ/ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്